കാലതാമസമുണ്ടാക്കിയ സാഹചര്യത്തിൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി പുനരേർപ്പാട് ചെയ്യുകയും സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യ.

(ജി) നഷ്ടമുണ്ടായതായി ഇതേവരെ കണക്കാക്കിയിട്ടില്ല. ശ്രീ. മോഹൻലാൽ തിരിച്ചു നൽകിയ ഭൂമി കൈപ്പറ്റിയിട്ടുണ്ട്. മറ്റാരും ഭൂമി തിരികെ നൽകാനായി സമീപിച്ചിട്ടില്ല.

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട പരാതികൾ

291 (297) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയഗെയിംസിന്റെ ഒരുക്കങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങളെയും കെടുകാര്യസ്ഥതകളെയും സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(ബി) ഉന്നയിക്കപ്പെട്ട പരാതികൾ എന്തെല്ലാമായിരുന്നു ; അവ ഓരോന്നിന്റെയും കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ :

(സി) ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ ദേശീയഗെയിംസുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടായിരുന്നു ; അവയിൽ യഥാസമയവും ഇനിയും കൈവരിക്കാൻ സാധ്യമായിട്ടില്ലാത്തവ എന്തെല്ലാമാണ് ;

(ഡി) ദേശീയഗെയിംസിന്റെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ലക്ഷ്യമിട്ടിരുന്നു ; അവയിൽ പൂർണ്ണമായി പൂർത്തീകരിക്കാൻ കഴിയാതെ പോയിട്ടുള്ളവ എന്തൊക്കെയാണ് ;

(ഇ) ഗെയിംസിന്റെ വിവിധ കമ്മിറ്റികളിൽ നിന്ന് ആരെല്ലാം രാജിവെച്ചിട്ടുണ്ട് ; എന്തെല്ലാം കാരണങ്ങളാലാണ് രാജിവെച്ചത് ;

(എഫ്) ഒരുക്കങ്ങൾ വിലയിരുത്താൻ സംസ്ഥാനത്തെത്തിയ ഒളിമ്പിക് അസോസിയേഷൻ പ്രതിനിധികളും കായിക മന്ത്രാലയവും ഗെയിംസ് സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങൾ അറിയിച്ചിട്ടുണ്ടായിരുന്നുവെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ ക്രമക്കേടുകൾ ആരോപിച്ച് ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. തുടങ്ങിയവർ പരാതി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. 35-ാം ദേശീയ ഗെയിംസിന്റെ കണക്കുകൾ ആഡിറ്റ് നടത്തി റിപ്പോർട്ട് നൽകുന്നതിനായി സംസ്ഥാന ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനുമായി ഒപ്പുവച്ച ഹോസ്റ്റ് സിറ്റി കോൺട്രാക്ട് പ്രകാരം ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ നിർദ്ദേശങ്ങളും നടപ്പാക്കിയിട്ടുണ്ട്.

(ഡി) വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഇ) ദേശീയ ഗെയിംസ് കമ്മിറ്റികളിൽ നിന്നും രാജിവച്ചവരുടെ പേരുവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* ഗെയിംസ് നടത്തിപ്പ് സംബന്ധിച്ച് വിവിധ ആക്ഷേപങ്ങൾ പ്രചരിക്കപ്പെടുന്നതിനാലാണ് രാജി വയ്ക്കുന്നതെന്നാണ് ഭൂരിപക്ഷം പേരും അറിയിച്ചിട്ടുള്ളത്.

(എഫ്) ദേശീയ ഗെയിംസ് സംഘടിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളിൽ ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനും, കായികമന്ത്രാലയവും സംതൃപ്തി അറിയിക്കുകയുണ്ടായി.

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഇറക്കുമതി ചെയ്ത പരിശീലന ഉപകരണങ്ങൾ

292 (298) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഇറക്കുമതി ചെയ്ത ഓരോ പരിശീലന ഉപകരണങ്ങൾക്കും ചെലവായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഏത് വീതം ഉപകരണങ്ങളാണ് ഇറക്കുമതി ചെയ്തത് ; ഓർഡർ ചെയ്ത ഉപകരണങ്ങളുടെ എണ്ണം ലഭ്യമാക്കുമോ ; ഏത് കമ്പനികൾക്കാണ് ഓരോ ഉപകരണങ്ങളുടെയും ഇറക്കുമതി അനുവാദം കൊടുത്തത് ; ഈ അനുവാദത്തിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly